## അഡ്മിഷൻ സമയത്ത് നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ:

- എസ്.എസ്.എൽ.സി / തത്തുല്യം / വി.എച്ച്.എസ്.ഇ. യോഗ്യതാ പരീക്ഷയുടെ അസൽ സർട്ടിഫിക്കറ്റ്
- നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ:- AICTE യുടെ പുതിയ മാനദണ്ഡപ്രകാരം ആസ്പിറേഷണൽ ഡിസ്ട്രിക്ടിൽ (പാലക്കാട്, മലപ്പുറം, വയനാട്, കാസർകോഡ്) നേറ്റിവിറ്റി ഉള്ളവർക്ക് അത്തരം ജില്ലകളിലെ പ്രവേശനത്തിന് ബോണസ്സ് പോയിന്റ് ലഭിക്കുന്നതിന് ക്ലോസ് 9.12.4 പ്രകാരമുള്ള രേഖയും കേരളീയനാണ് എന്ന് തെളിയിക്കുന്നതിന് ക്ലോസ് 9.12.5 പ്രകാരമുള്ള രേഖയും ഹാജരാക്കേണ്ടതാണ്.

### ➢ സാമുദായിക സംവരണം ആവശ്യമുള്ളവർ

- സാമൂഹികവും, വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന (SEBC) വിഭാഗക്കാർ നിശ്ചിത മാതൃകയിലുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും ലഭിച്ചതിന്റെ അസൽ സർട്ടിഫിക്കറ്റ്.
- SC/ST വിഭാഗക്കാർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.
- മറ്റർഹ സമുദായത്തിൽപെട്ട (OEC) വിദ്യാർത്ഥികൾ ബന്ധപ്പെട്ട റവന്യൂ അധികാരിയി നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അല്ലായെങ്കിൽ ജാതി സർട്ടിഫിക്കറ്റന്റേയും വരുമാന സർട്ടിഫിക്കറ്റിന്റെയും അസൽ സർട്ടിഫിക്കറ്റ്.
- നോൺ ക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടാത്ത OEC അപേക്ഷകർ വിദ്യാഭ്യാസാനുകല്യങ്ങൾക്കുവേണ്ടി വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- പ്രോസ്പക്ടസിൽ അനുബന്ധംVIൽ കാണിച്ചിരിക്കുന്ന List of

communities eligible for educational concessions as is given to oec ൽ വരുന്ന ജാതിയിൽ ഉൾപ്പെടുന്നവർ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റിന്റേയും വരുമാന സർട്ടിഫിക്കറ്റിന്റേയും അസൽ ഹാജരാക്കേണ്ടതാണ്.

➢ **ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം ആവശ്യമുള്ളവർ:-**

- ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം ആവശ്യമുള്ളവർ ജില്ലാ മെഡിക്കൽ ബോർഡ് നൽകിയ ശാരീരിക വൈകല്യത്തിന്റെ തോത് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റും പോളിടെക്നിക്കുകളിലെ പഠനത്തിനാവശ്യമായ ശാരീരിക ക്ഷമത ഉണ്ടെന്നു സാക്ഷ്യപ്പെടുത്തിയ അനുബന്ധം XVII പ്രകാരമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

➢ **പ്രത്യേക സംവരണം ആവശ്യമുള്ളവർ:-**

- ക്ലോസ് 5.4.2 മുതൽ 5.4.8 വരെ പ്രത്യേക സംവരണത്തിന് അർഹരായിട്ടുള്ളവർ ആവശ്യമായ അർഹത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

➢ **മിശ്ര വിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾക്ക്:-**

- മിശ്ര വിവാഹിതരുടെ മക്കൾക്ക് SEBC/OEC സംവരണം ആവശ്യമുള്ള പക്ഷം അവർ ബന്ധപ്പെട്ട ഓഫീസിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങി സമർപ്പിക്കണം. എന്നാൽ മിശ്ര വിവാഹിതരിൽ ഒരാൾ SC/ST വിഭാഗത്തിൽ പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് SC/ST വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്രവിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

- Economically Weaker Section (EWS):-

  - മറ്റ് സാമുദായിക സംവരണങ്ങൾക്ക് അർഹത ഇല്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള (Economically Weaker Sections - EWS) സംവരണം ആവശ്യമുള്ളവർ അനുബന്ധം XVI പ്രകാരമുള്ള സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

- **ഫീസാനുകൂല്യം, സ്കോളർഷിപ്പ് എന്നിവ ആവശ്യമുള്ളവർ:-**

  - SC/ST/OEC വിഭാഗക്കാർ ഒഴികെയുള്ള മറ്റ് വിഭാഗക്കാർ (ജനറൽ കാറ്റഗറി ഉൾപ്പെടെ) കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് ആനുകൂല്യങ്ങൾ/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകളിലെ എല്ലാ വരികളും കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്നും, അധികാരിയുടെ ഒപ്പ്, ഉദ്യോഗപ്പേരുള്ള സീൽ, ഓഫീസ് സീൽ എന്നിവ പതിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.**